ദേശാഭിമാനി
2023 മെയ് 12 വെള്ളി | 1198 മേടം 28 | 1444 ശവ്വാൽ 21

മഹാരാഷ്ട്ര നിയമസഭയിൽ ശിവസേനയിലെ ഷിൻഡെ ഗ്രൂപ്പ് നൽകിയ വിപ്പ് നിയമവിരുദ്ധമാണെന്ന് സുപ്രീംകോടതി പറഞ്ഞു. അതുകൊണ്ട് നിലവിലെ സർക്കാർ നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്

സഞ്ജയ് റാവത്ത് എംപി
ഉദ്ധവ് താക്കറെ വിഭാഗം നേതാവ്

ചരിത്രത്തിൽ ഇന്ന്
12

1797	നെപ്പോളിയൻ ഒന്നാമൻ വെനീസ് കീഴടക്കി
1862	പോത്തന്നൂർ- മദ്രാസ് റെയിൽപ്പാത തുറന്നു
1926	ശുചീന്ദ്രം സത്യഗ്രഹം അവസാനിച്ചു
1943	സുഭാഷ് ചന്ദ്രബോസ് ജപ്പാനിലെത്തി
1952	ഗജ് സിങ് ജോധ്പുർ മഹാരാജാവായി
1965	സോവിയറ്റ് യൂണിയന്റെ ബഹിരാകാശപേടകം ലൂണ-5 ചന്ദ്രനിൽ തകർന്നു

ഇമ്രാൻഖാന് താൽക്കാലിക ആശ്വാസം

അയൽരാജ്യമായ പാകിസ്ഥാൻ കടുത്ത രാഷ്ട്രീയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. ചൊവ്വാഴ്ചയാണ് നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോയുടെ(എൻഎബി) വാറന്റ് അനുസരിച്ച് ഒരു അഴിമതിക്കേസിൽ മുൻ പ്രധാനമന്ത്രിയും പാകിസ്ഥാൻ തെഹ്‌രീക് ഇൻസാഫ് (പിടിഐ) നേതാവുമായ ഇമ്രാൻ ഖാനെ അർധസൈനിക വിഭാഗമായ പാകിസ്ഥാൻ റേഞ്ചേഴ്സ് അറസ്റ്റ് ചെയ്തത്. ഇസ്‌ലാമാബാദ് ഹൈക്കോടതി കെട്ടിടത്തിൽ വച്ചായിരുന്നു അറസ്റ്റ്. അഴിമതിക്കേസിൽ വിചാരണ നേരിടുന്നതിനായി കോടതിയിലെത്തിയ വേളയിൽ ഇമ്രാനെ അറസ്റ്റ് ചെയ്തത് നിയമവിരുദ്ധമാണെന്ന് പറഞ്ഞാണ് സുപ്രീംകോടതി അറസ്റ്റ് റദ്ദാക്കിയത്. ഇമ്രാനെ സംബന്ധിച്ച് ആശ്വാസകരമാണ് സുപ്രീംകോടതി വിധി. സൈന്യത്തിനും അവരുമായി സഹകരിച്ച് മുന്നോട്ടുപോകുന്ന പാകിസ്ഥാൻ മുസ്ലിം ലീഗ് (നവാസ്)– പാകിസ്ഥാൻ പീപ്പിൾസ് പാർടി സഖ്യസർക്കാരിനും രാഷ്ട്രീയമായി കനത്ത തിരിച്ചടികൂടിയാണ് സുപ്രീംകോടതി വിധി. എന്നാൽ നൂറിലധികം അഴിമതിക്കേസുകളിൽപ്പെട്ട ഇമ്രാന് ഇതുകൊണ്ട് മാത്രം രക്ഷപ്പെടാൻ കഴിയുമെന്ന് കരുതാനാവില്ല.

അൽ ഖാദിർ ട്രസ്റ്റ് അഴിമതിക്കേസിൽ വിചാരണ നേരിടാൻ ഇസ്ലാമാബാദ് ഹൈക്കോടതിയിൽ എത്തിയ വേളയിലായിരുന്നു അറസ്റ്റ്. നേരത്തേ ഇസ്ലാമാബാദ് പൊലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ചെങ്കിലും പിടിഐ പ്രവർത്തകരുടെ പ്രതിഷേധം കാരണം അതിന് കഴിഞ്ഞിരുന്നില്ല. ഇതിനാലായിരിക്കണം പാകിസ്ഥാൻ റേഞ്ചേഴ്സിനെ ഉപയോഗിച്ച് ഇമ്രാനെ അറസ്റ്റ് ചെയ്തത്. ഇതിൽ പ്രതിഷേധിച്ച് ഇമ്രാന്റെ അനുയായികൾ റാവൽപിണ്ടിയിലെ സൈനിക ആസ്ഥാനത്തിനുനേരെയും ലാഹോറിലെ ചില സൈനിക ഉദ്യോഗസ്ഥരുടെ വസതിക്കുനേരെയും ആക്രമണം നടത്തി. ആദ്യമായിട്ടായിരിക്കണം സൈനിക കേന്ദ്രങ്ങൾക്കുനേരേ ആക്രമണമുണ്ടാകുന്നത്. അറസ്റ്റിലാകുന്നതിനുമുമ്പ് ഇമ്രാൻ ഖാൻ പുറത്തുവിട്ട ഒരു വീഡിയോ സന്ദേശത്തിൽ തനിക്കെതിരെ എന്തെങ്കിലും നീക്കമുണ്ടായാൽ തെരുവിൽ പോരാടണമെന്ന് ആഹ്വാനം ചെയ്തിരുന്നു. എന്നാൽ അണികൾ നടത്തിയ ഈ ആക്രമണത്തെ ന്യായീകരിക്കാൻ പിടിഐ നേതൃത്വം തയ്യാറായില്ല. പാക് സൈന്യത്തിന്റെ വേട്ടയാടൽ ഭയന്നായിരിക്കണം അണികളിൽനിന്ന് വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ നേതൃത്വം തയ്യാറായത്. പിടിഐയിൽ രണ്ടാമനായി എണ്ണപ്പെടുന്ന ഷാ മുഹമ്മദ് ഖുറേഷിയും മൂന്നാമനായി അറിയപ്പെടുന്ന അസദ് ഉമറും ഉൾപ്പെടെ രണ്ടായിരത്തോളംപേരെ അറസ്റ്റ് ചെയ്തിരിക്കുകയാണ്. ഈ ഘട്ടത്തിലാണ് സുപ്രീംകോടതിയിൽ നിന്ന് ആശ്വാസ വിധിന്യായം ഉണ്ടായിരിക്കുന്നത്.

> **കഴിഞ്ഞ ഏപ്രിലിൽ അവിശ്വാസപ്രമേയം അതിജീവിക്കുന്നതിൽ പരാജയപ്പെട്ടശേഷം ഇമ്രാനും സൈന്യവും തമ്മിൽ തുറന്ന യുദ്ധത്തിലായിരുന്നു. സൈനികമേധാവിയായിരുന്ന ക്വമർ ജാവദ് ബജ്‌വയാണ് തന്നെ അധികാരത്തിൽനിന്ന് പുറത്താക്കാൻ കരുക്കൾ നീക്കിയതെന്നും കഴിഞ്ഞ നവംബറിൽ തനിക്ക് നേരെയുണ്ടായ വെടിവയ്പിനു പിന്നിൽ പ്രവർത്തിച്ചത് സൈന്യമായിരുന്നുവെന്നും ആരോപിച്ച ഇമ്രാൻ, പാക് ചാരസംഘടനയായ ഐഎസ്ഐ മേധാവി മേജർ ജനറൽ ഫൈസൽ നസീർ തന്നെ വധിക്കാൻ ഗൂഢാലോചന നടത്തുകയാണെന്നും കുറ്റപ്പെടുത്തി**

കഴിഞ്ഞ ഏപ്രിലിൽ അവിശ്വാസപ്രമേയം അതിജീവിക്കുന്നതിൽ പരാജയപ്പെട്ടശേഷം ഇമ്രാനും സൈന്യവും തമ്മിൽ തുറന്ന യുദ്ധത്തിലായിരുന്നു. സൈനികമേധാവിയായിരുന്ന ക്വമർ ജാവദ് ബജ്‌വയാണ് തന്നെ അധികാരത്തിൽനിന്ന് പുറത്താക്കാൻ കരുക്കൾ നീക്കിയതെന്നും കഴിഞ്ഞ നവംബറിൽ തനിക്ക് നേരെയുണ്ടായ വെടിവയ്പിനു പിന്നിൽ പ്രവർത്തിച്ചത് സൈന്യമായിരുന്നുവെന്നും ആരോപിച്ച ഇമ്രാൻ, പാക് ചാരസംഘടനയായ ഐഎസ്ഐ മേധാവി മേജർ ജനറൽ ഫൈസൽ നസീർ തന്നെ വധിക്കാൻ ഗൂഢാലോചന നടത്തുകയാണെന്നും കുറ്റപ്പെടുത്തി. 2018 ൽ ഇതേ സൈന്യത്തിന്റെ പിന്തുണയോടെയാണ് ഇമ്രാൻ ഖാനും അധികാരത്തിൽ വന്നത്. സൈന്യവുമായി ഇടഞ്ഞ പാകിസ്ഥാൻ മുസ്ലിംലീഗ് നേതാവ് നവാസ് ഷെരീഫിനെ പുറത്താക്കാനായിരുന്നു അന്ന് സൈന്യം ഇമ്രാൻ ഖാന് പിന്തുണ നൽകിയത്. എന്നാൽ സൈന്യത്തിന് വഴങ്ങി നിൽക്കില്ലെന്ന് കണ്ടതോടെയാണ് ഇമ്രാനെ പുറത്താക്കാൻ അവർ കരുക്കൾ നീക്കിയത്. പാക് രാഷ്ട്രീയത്തിൽ ഇടപെടുന്ന സൈന്യത്തിന്റെ ഈ പതിവുരീതി അവസാനിപ്പിക്കുകയല്ല ഇമ്രാന്റെ ലക്ഷ്യം. മറിച്ച് എതിർപക്ഷത്തെ സഹായിക്കുന്നതിനുപകരം തന്നെ അധികാരത്തിലെത്താൻ സഹായിക്കുകയാണ് സൈന്യം ചെയ്യേണ്ടത് എന്ന സമീപനം മാത്രമാണ് ഇമ്രാനുള്ളത്.

നവാസ് ഷെരീഫിനെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് അയോഗ്യനാക്കിയാണ് സൈന്യം ഇമ്രാൻ ഖാന് പ്രധാനമന്ത്രി പദത്തിലേക്ക് വഴി ഒരുക്കിയത്. നൂറിലധികം അഴിമതിക്കേസുകൾ നേരിടുന്ന ഇമ്രാൻ ഖാനെയും അയോഗ്യനാക്കാനുള്ള നീക്കമാണ് ഷെഹ്ബാസ് ഷെരീഫിന്റെ സർക്കാരും സൈന്യവും തമ്മിൽ നടത്തുന്നത്. ഈ വർഷം ഒക്ടോബറിലാണ് പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കേണ്ടത്. അത് നേരത്തേയാക്കാൻ ഇമ്രാൻ സ്വന്തം പാർടി ഭരിക്കുന്ന പ്രവിശ്യാസഭകൾ പിരിച്ചുവിട്ടെങ്കിലും ഫലമുണ്ടായിട്ടില്ല. ഏതായാലും ഇനി കണ്ടറിയേണ്ടത് ഇമ്രാൻ ഖാനെ അയോഗ്യനാക്കുമോ ഇല്ലയോ എന്ന കാര്യമാണ്.

അതിജീവനപാത തെളിച്ച് കേരളം

ജോർജ് ജോസഫ്

കോവിഡ് അതിജീവനമെന്ന സങ്കീർണമായ പ്രക്രിയയിലാണ് ലോകമെമ്പാടുമുള്ള സമ്പദ്ഘടനകൾ. പ്രധാനമായും മൂന്ന് കാരണത്താൽ ഈ പ്രക്രിയ വൻതിരിച്ചടി നേരിടുകയാണ്. ഒന്ന്, ആഗോളതലത്തിൽ പ്രത്യേകിച്ച്, വികസിത രാജ്യങ്ങൾ നേരിടുന്ന സാമ്പത്തിക മാന്ദ്യമാണ്. അമേരിക്കയും യൂറോപ്പും ഉൾപ്പെടെ നേരിടുന്ന രൂക്ഷമായ പണപ്പെരുപ്പവും വിലക്കയറ്റവുമാണ് രണ്ടാമതായി വരുന്നത്. ഇന്ത്യ ഉൾപ്പെടെ ലോകത്തെ മിക്കവാറും രാജ്യങ്ങൾ ഇതുമൂലം പലിശ വർധനയുടെ കഠിനഭാരം പേറുന്ന സ്ഥിതിയുണ്ട്. റഷ്യ – ഉക്രയ്ൻ സംഘർഷം ഉളവാക്കിയിരിക്കുന്ന അനിശ്ചിതത്വം ലോകവ്യാപാരത്തെ പ്രതികൂലമായി ബാധിക്കുന്നതാണ് മൂന്നാമത്തെ കാരണം. അതുകൊണ്ട് ഈവർഷവും അടുത്തവർഷവും ആഗോള സാമ്പത്തികവളർച്ച ഏറെ താഴ്ന്ന നിലയിൽ ആയിരിക്കുമെന്ന് ഐഎംഎഫ്, ലോക ബാങ്ക് എന്നിവ അടക്കമുള്ള സ്ഥാപനങ്ങൾ കണക്കാക്കുന്നു. ഈ പ്രശ്നങ്ങളെല്ലാം ഇന്ത്യൻ സമ്പദ്ഘടനയെയും വിഷമവൃത്തത്തിലാഴ്ത്തുന്നുണ്ട്. കോവിഡിനുശേഷം കേരളമെന്ന കൊച്ചുഭൂമികയുടെ സാമ്പത്തികമായ തിരിച്ചുവരവിനെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

വീണ്ടെടുപ്പിന്റെ ക്ലാസിക് മാതൃക

പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ പ്രശ്നങ്ങളുടെ നടുമുറിയിലായിരുന്നു കഴിഞ്ഞ അര വ്യാഴവട്ടക്കാലമായി കേരളം. 2016ലെ നോട്ട് നിരോധനത്തോടെയാണ് സാമ്പത്തികരംഗം സങ്കീർണമായത്. ജിഎസ്ടി, ഓഖി, തുടർച്ചയായ രണ്ട് പ്രളയങ്ങൾ, ഒടുവിൽ കോവിഡ് മഹാമാരിയും. സ്വാഭാവികമായും ഒരു സമ്പദ്ഘടനയെ മുച്ചൂടും തകർക്കാൻ ഇവ ധാരാളമാണ്.

എല്ലാ പ്രതിസന്ധികളെയും പ്രത്യേകിച്ച്, കോവിഡിനെ അതിജീവിച്ച് കേരളം വീണ്ടെടുപ്പിന്റെ പാതയിൽ ശക്തമായി തിരിച്ചെത്തിയിരിക്കുന്നു. ഭരണനേതൃത്വങ്ങളുടെ പ്രസക്തി ഊട്ടിയുറപ്പിക്കുന്നതും, എല്ലാം വിപണി നോക്കിക്കൊള്ളും സർക്കാർ നടത്തിപ്പുകാരൻ മാത്രമായി നിന്നാൽ മതിയെന്ന വാദമുഖങ്ങൾക്ക് കനത്ത തിരിച്ചടിയേറ്റതുമായ ഒരു ഘട്ടംകൂടിയായിരുന്നു ഈ മഹാദുരന്തം. സർക്കാർ ചെലവഴിക്കൽ സമ്പദ്ഘടനയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അനിവാര്യമാണെന്ന വാദത്തിന്റെ സ്പന്ദിക്കുന്ന തെളിവുകൂടിയാണ് കോവിഡ് ഘട്ടം. സർക്കാർ ചെലവുകൾ ഉയർത്തിക്കൊണ്ട് പ്രതിസന്ധിയെ മറികടക്കാനും സാമ്പത്തികമേഖലയെ ശക്തമായി തിരിച്ചുകൊണ്ടുവരാനും കഴിഞ്ഞതിന്റെ ക്ലാസിക് ഉദാഹരണംകൂടിയാണ് കേരളം.

വളർച്ചയിലെ കുതിപ്പ്

2020ൽ മൈനസ് 6.6 എന്ന നിലയിലേക്ക് കൂപ്പുകുത്തിയ ഇന്ത്യയുടെ സാമ്പത്തികവളർച്ച 2021–22ൽ 8.7 ശതമാനമെന്ന നിലയിലേക്ക് ഉയർന്നു. വലിയ തകർച്ചയ്ക്കുശേഷമുള്ള സ്വാഭാവികമായ ഒരു റീബൗണ്ടായി ഇതിനെ വിലയിരുത്താം. എന്നാൽ, തിരിച്ചുവരവിന്റെ ഈ ഘട്ടത്തിൽ കേരളത്തിന് 12 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞെന്നത് നിസ്സാരമായ ഒരു നേട്ടമായി എണ്ണാൻ കഴിയില്ല. 6.9 ശതമാനമെന്ന നിലയിലേക്ക് 2022–23ൽ ഇന്ത്യയുടെ വളർച്ച താഴ്ന്നു. ഈ ഘട്ടത്തിലും കേരളത്തിന്റെ വളർച്ച ദേശീയ നിരക്കിനേക്കാൾ ഏറെ ഉയരത്തിൽ 10.8 ശതമാനമെന്ന നിലയിലായിരുന്നു. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന പല സംസ്ഥാനത്തിനും രണ്ടക്ക വളർച്ചനിരക്ക് അന്യമായി തുടർന്നപ്പോൾ മികച്ച നേട്ടമാണ് കേരളം കോവിഡിനു ശേഷമുള്ള തിരിച്ചുവരവിന്റെ ഘട്ടത്തിൽ കൈവരിച്ചതെന്ന് കാണാം. 2023–24ൽ നിലവിലെ വില നിലവാരം അടിസ്ഥാനമാക്കി കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) 11.2 ശതമാനം വളർച്ചയോടെ 11.3 ലക്ഷം കോടി രൂപയായി ഉയരുമെന്ന് അനുമാനിക്കുന്നു. വിവിധ ഏജൻസികൾ പ്രതീക്ഷിക്കുന്ന ഇന്ത്യയുടെ ജിഡിപി വളർച്ച ഇതേ കാലയളവിൽ ആറുമുതൽ 6.5 ശതമാനമാണ്.

ആഗോള സാമ്പത്തികമേഖല പ്രതിസന്ധി മറികടക്കാൻ പ്രയാസപ്പെടുമ്പോൾ ദേശീയ തലത്തിലും സംസ്ഥാന തലങ്ങളിലുംനിന്ന് വ്യത്യസ്തമായി കേരളം വളർച്ചാ പാതയിൽ ശക്തമായി തിരിച്ചെത്തിയത് എങ്ങനെയെന്നത് വിശദമായി വിലയിരുത്തേണ്ട കാര്യമാണ്, പ്രത്യേകിച്ച് സാമ്പത്തികശാസ്ത്ര പഠന രംഗത്ത്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി എല്ലാ മേഖലയിലും സർക്കാർ ചെലവഴിക്കൽ ഉയർത്തിയതിലെ പ്രകടമായ വ്യത്യാസം തന്നെയാണ് ഈ മാറ്റത്തിനു കാരണം. 2020–21ൽ കേരളത്തിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് 165 ശതമാനം ഉയർന്നിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ വലിയ നേട്ടമാണ് കേരളം കൈവരിച്ചത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) നടത്തിയ പഠനപ്രകാരം മഹാമാരിയുടെ ഘട്ടത്തിൽ സാമൂഹ്യമായ ചെലവഴിക്കലിന്റെ കാര്യത്തിൽ ഏറ്റവുമുയർന്ന വളർച്ചയായ 163 ശതമാനം രേഖപ്പെടുത്തിയത് കേരളത്തിലാണ്. തൊട്ടടുത്ത് വരുന്ന ഗുജറാത്ത് 60 ശതമാനംമാത്രമാണ് രേഖപ്പെടുത്തിയത്.

വിഹിതം ചുരുക്കിയിട്ടും കേരളം മുന്നേറി

പതിനഞ്ചാം ധന കമീഷന്റെ റിപ്പോർട്ട് പ്രകാരം കേന്ദ്ര –സംസ്ഥാന സർക്കാരുകളുടെ മൊത്തം ചെലവിന്റെ 62.4 ശതമാനവും സംസ്ഥാനങ്ങളുടെ ചുമലിലാണ്. എന്നാൽ, രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 37.6 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. സംസ്ഥാനങ്ങളുമായി വരുമാനം പങ്കുവയ്ക്കുന്നതിനുള്ള ഫോർമുല പലപ്പോഴും കേരളംപോലെ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് ദോഷകരമാകുകയാണ്. ഇതുമൂലം കേന്ദ്രനികുതി വരുമാനത്തിൽനിന്നുള്ള കേരളത്തിന്റെ വിഹിതം പകുതിയായി. 10–ാം ധന കമീഷന്റെ കാലത്ത് 3.85 ശതമാനമായിരുന്ന വിഹിതം 15–ാം ധന കമീഷന്റെ കാലത്ത് 1.92 ശതമാനമായി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി പല മേഖലയിലും കൈവരിച്ച നേട്ടങ്ങളും ജനസംഖ്യാ വളർച്ചയിലുണ്ടായ കുറവും കേരളത്തിന് ദോഷകരമായി. ജിഎസ്ടിയിലേക്ക് മാറിയതും സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ആവശ്യമായ സമയത്ത് സാമൂഹ്യമായ ചെലവഴിക്കലിന്റെ അളവ് ഉയർത്തി, ജനങ്ങളെ പ്രതിസന്ധിഘട്ടത്തിൽ ചേർത്തുപിടിക്കാനും വളർച്ചയുടെ പാതയിൽ തിരിച്ചെത്തിക്കാനും കേരളത്തിന് കഴിഞ്ഞെന്നത് എടുത്തുപറയത്തക്കതാണ്.

അംഗീകാരങ്ങളുടെ
നിറവിൽ
2
എൽഡിഎഫ് സർക്കാരിന്റെ
രണ്ടാം വാർഷികാഘോഷം
ഏപ്രിൽ–മെയ്

മികച്ച ധന മാനേജ്മെന്റ്

ശ്രീലങ്കയുടെ അവസ്ഥയിലേക്ക് കേരളം നീങ്ങും, ട്രഷറി പൂട്ടും, ശമ്പളവും ക്ഷേമ പെൻഷനും ഇനി എത്രനാൾ, സാമ്പത്തിക കേരളം ജപ്തി ഭീഷണിയിലാണെന്ന് തുടങ്ങി കോവിഡിനുശേഷം സംസ്ഥാനത്തെ ഇകഴ്ത്തിക്കാട്ടുന്നതിനുള്ള വലിയ ശ്രമങ്ങൾക്കിടയിലും കേരളം നടത്തിയ തിരിച്ചുവരവും സാമ്പത്തിക അച്ചടക്കം വീണ്ടെടുക്കാൻ കഴിഞ്ഞതും ധന മാനേജ്മെന്റിന്റെ കാര്യത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ എൽഡിഎഫ് സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടമാണ്. ഇതിന് അടിവരയിടുന്ന നിഗമനങ്ങൾ സിഎജിയിൽനിന്നുള്ള ഒടുവിലത്തെ റിപ്പോർട്ടുകളിൽ വ്യക്തമാണ്. കടമെടുക്കുന്നതിന്റെ പരിധി കേന്ദ്രം വെട്ടിക്കുറച്ചപ്പോഴും പോയ സാമ്പത്തികവർഷം വരുമാന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് സംസ്ഥാനത്തിന് നേട്ടമായെന്ന് സിഎജിയുടെ പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. ജിഎസ്ടി, ഗ്രാന്റുകളും സംഭാവനകളും എന്നീ രണ്ട് ഇനത്തിൽ മാത്രമാണ് ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കുറവ് സമാഹരിക്കാൻ കഴിഞ്ഞത്. മൊത്തം 134, 471 കോടി രൂപ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 1475 കോടിയുടെ കുറവിൽ 1,32,996 കോടി രൂപ വരുമാനം നേടാൻ കഴിഞ്ഞെന്ന നേട്ടം ചെറുതല്ല.

ഏറ്റവുമൊടുവിലെ ജിഎസ്ടി കണക്കുകൾ പരിശോധിക്കുമ്പോൾ 2023 ഏപ്രിലിൽ വരുമാനം 12 ശതമാനം ഉയർന്ന് 3010 കോടി രൂപയായി. അതുപോലെ എല്ലാ മേഖലയിലും ചെലവുകൾ ചുരുക്കാൻ കഴിഞ്ഞതിനാൽ ധനപരമായ കൈയടക്കം മികച്ച രീതിയിലായെന്ന് സിഎജി റിപ്പോർട്ട് പറയുന്നു. ഭരണച്ചെലവുകൾ 18,685 കോടി രൂപ കണ്ട് കുറയ്ക്കാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം പ്രതീക്ഷിച്ചിരുന്ന ചെലവ് 1,87,960 കോടിയായിരുന്നെങ്കിൽ യഥാർഥ ചെലവ് 35,080 കോടി കുറഞ്ഞ് 1,52,880 കോടിയായി. അതായത് ചെലവാക്കേണ്ട ആവശ്യങ്ങൾക്ക് ഫലപ്രദമായി ചെലവഴിച്ചും ചെലവുകൾ പരമാവധി ചുരുക്കിയും മികച്ച ധന മാനേജ്മെന്റ് സംസ്ഥാനത്തിന് കൈവരിക്കാനായി. കോവിഡ് ഘട്ടത്തിൽ കുതിച്ചുയർന്ന റവന്യു ചെലവുകൾ കഴിഞ്ഞ രണ്ടുവർഷവും കർശനമായി നിയന്ത്രിക്കാൻ കഴിഞ്ഞതാണ് ഈ നേട്ടത്തിന് അടിസ്ഥാനം. മുഖ്യധാരാ മാധ്യമങ്ങൾക്ക് ഇതൊന്നും വാർത്ത പോലുമായില്ല. ദുരന്തങ്ങളും കൂട്ടമരണങ്ങളും അപരന്റെ കണ്ണീരും തങ്ങളുടെ അന്നന്നത്തെ അപ്പവും ആഘോഷവുമാക്കുന്ന, മനഃശാസ്ത്രത്തിലെ ഒരു സിദ്ധാന്തത്തിനും വിവരിക്കാൻ കഴിയാത്ത മനസികാവസ്ഥയുള്ളവരുമാണല്ലോ ഇക്കൂട്ടർ.

റവന്യു കമ്മി തുടർച്ചയായി നിലനിൽക്കുന്നുവെന്നത് അടിയന്തര പരിഹാരം ആവശ്യമായ കാര്യമാണ്. കഴിഞ്ഞ സാമ്പത്തികവർഷം ആദ്യത്തെ ആറു മാസത്തെ കണക്കുകൾ പരിഗണിക്കുമ്പോൾ കേരളം ഇക്കാര്യത്തിൽ ശക്തമായ ചുവടുവയ്പ് നടത്തി. കാരണം, റവന്യു ചെലവുകൾ കുറഞ്ഞെന്ന് മാത്രമല്ല, അതിന്റെ വളർച്ച 5.6 ശതമാനംമാത്രമാണ്.

റവന്യു ചെലവിലെ വളർച്ച നിർണായകമായ രീതിയിൽ നിയന്ത്രിക്കാൻ കഴിഞ്ഞെന്നത് ധനപരമായ നിയന്ത്രണമേഖലയിൽ കേരളം നല്ല രീതിയിൽ മുന്നേറുന്നു എന്നതിന്റെ സൂചനയാണ്. തനതുവരുമാന മാർഗങ്ങൾ ഉയർത്തുകയെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഭാവിയിൽ വളരെ നിർണായകമാണ്. ഇക്കാര്യത്തിൽ കക്ഷിഭേദമന്യേ സമവായമുണ്ടാക്കാൻ കഴിയുന്നില്ലെന്നത് പ്രയാസകരമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്. നൂറ്റാണ്ടിൽ ഒരിക്കൽ സംഭവിക്കുന്ന തരത്തിലുള്ള മഹാമാരി സംഭവിച്ചപ്പോൾ കേരളം വരുമാനം ഉയർത്തുന്നതിന് ചില നീക്കങ്ങൾ കഴിഞ്ഞ ബജറ്റിൽ നടത്തി. എന്നാൽ, ഇതിനെ വല്ലാത്ത ജനദ്രോഹമായി പെരുപ്പിച്ചുകാണിച്ച് രാഷ്ട്രീയ നേട്ടങ്ങൾക്കായുള്ള ശ്രമങ്ങൾ നടക്കുന്നത് ദൗർഭാഗ്യകരമാണ്. റവന്യു വരുമാനത്തിൽ പ്രകടമായ വളർച്ചയും ഒപ്പം റവന്യു ചെലവിലും കടമെടുപ്പിലും ഉണ്ടായ കുറവും എടുത്തുപറയത്തക്കതാണ്. റവന്യു കമ്മി, ധനക്കമ്മി തുടങ്ങിയ കാര്യങ്ങളിൽ ഇത് വ്യക്തമായി കാണാവുന്നതാണ്. 2022–23ൽ ധനക്കമ്മി ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന 3.9 ശതമാനമെന്ന നിലയിൽനിന്നും പുതുക്കിയ കണക്കുകൾ പ്രകാരം 3.6 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 3.5 ശതമാനമാണ് നടപ്പുവർഷത്തേക്ക് ലക്ഷ്യമിട്ടിരിക്കുന്നത്. അതുപോലെ റവന്യു കമ്മി ലക്ഷ്യമിട്ടിരുന്ന 2.3 ശതമാനത്തിൽനിന്ന് രണ്ടു ശതമാനമായും കുറഞ്ഞു.

(സാമ്പത്തിക കാര്യ മാധ്യമ പ്രവർത്തകനാണ് ലേഖകൻ)

കർമനിരതരായി ‘ഭൂമിയിലെ മാലാഖമാർ’

പി ഉഷാദേവി

ആതുരസേവനരംഗത്ത് നഴ്സുമാർ സമൂഹത്തിനു നൽകുന്ന വിലയേറിയ സേവനം ഓർമപ്പെടുത്താനും അംഗീകരിക്കാനുംവേണ്ടിയാണ് മെയ് 12 അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നത്. ആധുനിക നഴ്സിങ്ങിന് അടിത്തറ പാകിയ ഫ്ലോറൻസ് നൈറ്റിങ്ഗേലിന്റെ ജന്മദിനമാണ് അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നത്. കരുണയുടെ പ്രതീകമായ ഫ്ലോറൻസ് ‘വിളക്കേന്തിയ വനിത’ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. ക്രീമിയൻ യുദ്ധകാലത്ത് പട്ടാളക്കാർക്കു നൽകിയ പരിചരണമാണ് അവരെ ആ പേരിന് അർഹയാക്കിയത്. 1974 മുതലാണ് ഇന്റർനാഷണൽ കൗൺസിൽ ഓഫ് നഴ്സസ് നഴ്സസ് ദിനം ആചരിക്കാൻ തുടങ്ങിയത്. ‘നമ്മുടെ നഴ്സുമാർ നമ്മുടെ ഭാവി’ എന്നതാണ് ഈവർഷത്തെ നഴ്സസ് ദിന സന്ദേശം. നഴ്സുമാർ ഒന്നിച്ച് അണിചേരുന്ന സുദിനങ്ങൾ കൂടിയാണ് നഴ്സസ് വാരാഘോഷം.

ലോകമെമ്പാടുമുള്ള നഴ്സുമാർ വലിയ വെല്ലുവിളി നേരിട്ട കാലമാണ് കഴിഞ്ഞുപോകുന്നത്. ലോകത്തെ ഭീതിയിലാഴ്ത്തിയ കോവിഡിന്റെ ആക്രമണകാലം ഏറെക്കുറെ കഴിഞ്ഞെന്ന് വിശ്വസിക്കാം. ഈ ആശ്വാസ തീരത്തേക്ക് നമ്മെ കൊണ്ടുചെന്ന് എത്തിച്ചതിൽ ആതുരസേവനരംഗത്തെ പ്രവർത്തകരുടെ ത്യാഗം ആർക്കും മറക്കാനാകില്ല. എത്രയോ നഴ്സുമാരും ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ജീവൻ ബലിയർപ്പിച്ചു. നിപായ്ക്കെതിരായ പോരാട്ടത്തിൽ വീണുപോയ ലിനിയെ കേരളം ഒരിക്കലും മറക്കില്ല. ലോകമെമ്പാടും അങ്ങനെ എത്രയെത്രയോ നഴ്സുമാരാണ് കർത്തവ്യ പാതയിൽ പൊലിഞ്ഞുപോയത്. അവരെയെല്ലാം അനുസ്മരിക്കാനുള്ള ദിനംകൂടിയാണ് അന്താരാഷ്ട്ര നഴ്സസ് ദിനം.

നഴ്സുമാരും ഡോക്ടർമാരും ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ഏറെ വേദനാജനകമാണ്. കഴിഞ്ഞ ദിവസം കൊട്ടാരക്കരയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ടതുപോലുള്ള സംഭവങ്ങൾ വർധിച്ചുവരുന്നു. ഇത്തരം സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ കർശന നടപടി ഉണ്ടാകണം. സമൂഹം ജാഗ്രതയോടെ ഇടപെട്ടാൽ മാത്രമേ ഈ ആക്രമണപ്രവണത അവസാനിപ്പിക്കാനാകൂ. മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാനായി അക്ഷീണം പ്രവർത്തിക്കുന്നവരുടെ ജീവൻ അപകടത്തിലാകുന്ന സാഹചര്യം ഇനിയുണ്ടാകരുത്.

ഇന്ന് നഴ്സസ് ദിനം

ഇടതുപക്ഷ സർക്കാർ കേരളം ഭരിക്കുമ്പോഴൊക്കെ കേരളത്തിലെ നഴ്സുമാർക്ക് അനുകൂലമായ തീരുമാനങ്ങൾ നടപ്പാക്കി. എൽഡിഎഫ് സർക്കാർ കൃത്യമായ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുകയും സ്വകാര്യമേഖലയിലെ ചൂഷണം അവസാനിപ്പിക്കുകയും ചെയ്തു. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരുടെയും സുരക്ഷ ഉറപ്പാക്കാൻ സർക്കാർ നിയമഭേദഗതി കൊണ്ടുവരികയാണ്. ഏറ്റവും ജനകീയമൂല്യവും സാമൂഹ്യ കാഴ്ചപ്പാടുമുള്ളവരായി ആധുനിക കാലത്തെ നഴ്സുമാരെ മാറ്റുന്നതിൽ നിരന്തരമായ ഇടപെടലുകളാണ് ഈ രംഗത്ത് മുൻഗാമികളും സമകാലികരും നിർവഹിച്ചിട്ടുള്ളത്.

മഹാമാരിക്കാലത്തും ഉക്രയ്ൻ യുദ്ധവേളയിലുമെല്ലാം ‘ഭൂമിയിലെ മാലാഖമാർ’ മനുഷ്യജീവനുകൾ രക്ഷിച്ചെടുക്കാനായി കർമനിരതരായി. രോഗികൾക്കൊപ്പംനിന്ന് തളരാതെ പോരാടിയവർ. ഈ മഹത്തായ ദിനത്തിൽ തങ്ങളുടെ കർത്തവ്യത്തിൽ കർമനിരതരായി ഏർപ്പെട്ടിരിക്കുന്ന എല്ലാ നഴ്സുമാർക്കും ആശംസ അർപ്പിക്കുന്നു.

(കേരള നഴ്സിങ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിൽ പ്രസിഡന്റാണ് ലേഖിക)

പതറാത്ത ചെറുത്തുനിൽപ്പ്; പൊളിയുന്ന അജൻഡ

സാജൻ എവുജിൻ

ബിജെപിയും മോദിയും എക്കാലത്തും അധികാരത്തിലുണ്ടാകുമെന്ന മട്ടിലാണ് ചിലരുടെ പ്രചാരണം. ചില തെരഞ്ഞെടുപ്പുകളിൽ ബിജെപി ജയിക്കുമ്പോൾ ഈ വാഴ്ത്തുപാട്ട് ഉച്ചത്തിലാകും. ബിജെപിയാകട്ടെ കോർപറേറ്റ്– ഹിന്ദുത്വ അജൻഡ നടപ്പാക്കാനാണ് അധികാരം വിനിയോഗിക്കുന്നത്. മോദിയുടെ ഒന്നാം സർക്കാർ 2014ൽ നിലവിൽ വന്നതുമുതലുള്ള നയപരിപാടി പരിശോധിച്ചാൽ ഇക്കാര്യം തെളിഞ്ഞുകാണാനാകും. അതേസമയം, കേന്ദ്രത്തിന്റെ ഉദാരവൽക്കരണ അജൻഡയുടെ ഭാഗമായ പരിഷ്കാരങ്ങളെ കർഷകരും തൊഴിലാളികളും ചേർന്ന് ചെറുത്തതിന്റെ തിളങ്ങുന്ന അധ്യായങ്ങളും ദൃശ്യമാണ്.

ഇതിൽ ആദ്യത്തേത് 2015ൽ ഭൂമി ഏറ്റെടുക്കൽ നിയമഭേദഗതി ഓർഡിനൻസ് കേന്ദ്രത്തിന് പിൻവലിക്കേണ്ടി വന്നതാണ്. കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട കൃത്യമായ നടപടികൾ വ്യവസ്ഥ ചെയ്ത് 2013ൽ നടപ്പാക്കിയ നിയമം ഭേദഗതി ചെയ്ത് കോർപറേറ്റുകളെ പ്രീണിപ്പിക്കാനുള്ള പുതിയ നിയമം കൊണ്ടുവരാനാണ് കേന്ദ്രം ശ്രമിച്ചത്. ഇതിനായി 2015 ജനുവരി ഒന്നിന് ഓർഡിനൻസ് ഇറക്കിയപ്പോൾ രാജ്യത്തെ കർഷകപ്രസ്ഥാനങ്ങൾ അതിശക്തമായി എതിർത്തു. ഭൂമി അധികാർ ആന്ദോളൻ എന്ന പൊതുവേദി രൂപീകരിച്ച് രാജ്യവ്യാപകമായ പ്രക്ഷോഭം തുടങ്ങി. അക്കൊല്ലം ഡൽഹിയിലും ബിഹാറിലും നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബിജെപി പരാജയപ്പെടുകയും ചെയ്തു. ഇതോടെ ഓർഡിനൻസ് മരവിപ്പിച്ചു.

പിന്നീട് ഇക്കാര്യം മിണ്ടാതിരുന്ന മോദിസർക്കാർ 2020ൽ കോവിഡിന്റെ മറവിൽ മൂന്ന് നിയമം കൊണ്ടുവന്ന് കാർഷികമേഖല പൂർണമായും കോർപറേറ്റുവൽക്കരിക്കാൻ പദ്ധതിയിട്ടു. സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വിപുലവും ദീർഘവുമായ ജനകീയ പ്രക്ഷോഭമാണ് ഇതിനെതിരെ ഉയർന്നുവന്നത്. ചരിത്രപരമായ ജനാധിപത്യ മുന്നേറ്റമായി വളർന്ന സമരം മത, ജാതി വേലിക്കെട്ടുകൾ തകർത്തു. എല്ലാ പ്രക്ഷോഭകാരികളും കർഷകൻ എന്ന മതനിരപേക്ഷ ബോധത്തിൽ ഒന്നിച്ചു. പ്രക്ഷോഭം ഉത്തർപ്രദേശിൽ ജാട്ടുകളെയും മുസ്ലിങ്ങളെയും യോജിപ്പിച്ചു. ഹരിയാനയും പഞ്ചാബും കാലങ്ങളായി കലഹത്തിലായിരുന്നു. കർഷകസമരത്തിൽ പഞ്ചാബികളും ഹരിയാനക്കാരും തമ്മിൽ ഹൃദ്യമായ ഐക്യം ഉയർന്നുവന്നു. തുടക്കംമുതൽ രാജ്യത്തെ തൊഴിലാളിവർഗം പ്രക്ഷോഭത്തിന് പിന്തുണ നൽകി. കാർഷിക നിയമങ്ങളും തൊഴിൽ കോഡുകളും കോർപറേറ്റുകളുടെ ആയുധങ്ങളാണെന്ന് കർഷകരും തൊഴിലാളികളും തിരിച്ചറിഞ്ഞു. കർഷകരും തൊഴിലാളികളും ഒരേ രീതിയിലുള്ള കടന്നാക്രമണമാണ് നേരിടുന്നതെന്ന ബോധം വളർന്നു. ഈ ഐക്യപ്രക്ഷോഭത്തിനു മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ പ്രധാനമന്ത്രി കർഷകരോട് മാപ്പുപറഞ്ഞു. തമിഴ്നാട്, ബംഗാൾ, കേരള നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് കനത്ത തിരിച്ചടികൂടി ഉണ്ടായതോടെ മൂന്ന് കാർഷികനിയമവും പിൻവലിച്ചു.

തൊഴിലാളികളുടെ അധ്വാനശേഷി കോർപറേറ്റുകൾക്ക് ചൂഷണംചെയ്യാൻ പാകത്തിൽ ചുട്ടെടുത്ത നാല് തൊഴിൽ കോഡിനെതിരായ രോഷവും ശക്തിയാർജിച്ചിട്ടുണ്ട്. ദീർഘകാല പോരാട്ടങ്ങളുടെ ഫലമായി നിലവിൽവന്ന 29 തൊഴിൽനിയമം അസാധുവാക്കിയാണ് കോഡുകൾ കൊണ്ടുവന്നത്. വ്യവസായബന്ധം, സാമൂഹ്യസുരക്ഷ, തൊഴിൽ സുരക്ഷയും ആരോഗ്യവും ജോലിസാഹചര്യവും, വേതനം എന്നിങ്ങനെയാണ് കോഡുകൾ. കരാർവൽക്കരണം വ്യാപകമാക്കുക, എട്ട് മണിക്കൂർ ജോലിപരിധി എടുത്തുകളയുക, തൊഴിൽ വകുപ്പിന്റെ പ്രവർത്തനം പരിമിതപ്പെടുത്തുക, സംഘടിച്ച് വിലപേശാനുള്ള അവകാശം ഇല്ലാതാക്കുക, ത്രികക്ഷി ചർച്ചകൾ ഒഴിവാക്കുക എന്നിവയാണ് കോഡുകളുടെ മുഖ്യലക്ഷ്യം. എന്നാൽ, ഇവ നടപ്പാക്കാൻ കഴിയാതെ മോദിസർക്കാർ പ്രതിസന്ധിയിലാണ്. ഈ സാമ്പത്തിക വർഷത്തോടെ നാല് തൊഴിൽ കോഡും നടപ്പാക്കാമെന്ന് കേന്ദ്രം കണക്കുകൂട്ടിയിരുന്നു. കോഡുകൾ നടപ്പാക്കാൻ സംസ്ഥാന സർക്കാരുകൾ താൽപ്പര്യം കാട്ടാത്തതും കേന്ദ്രത്തിന് തിരിച്ചടിയായി. തൊഴിൽ സമവർത്തിപ്പട്ടികയിൽ വരുന്ന വിഷയമായതിനാൽ ഇവ നടപ്പാക്കാൻ സംസ്ഥാന സർക്കാരുകളും നിയമം പാസാക്കണം. തമിഴ്നാട് സർക്കാർ കോഡുകൾ നടപ്പാക്കാൻ നിയമം കൊണ്ടുവന്നെങ്കിലും അതിശക്തമായ പ്രതിഷേധം ഉയർന്നതോടെ അത് പിൻവലിച്ചു. കർഷകസംഘടനകളും ട്രേഡ് യൂണിയനുകളും ചേർന്ന് ‘കോർപറേറ്റ് ഹഠാവോ, ദേശ് ബച്ചാവോ’ എന്ന പ്രസ്ഥാനത്തിന് തുടക്കംകുറിച്ചിട്ടുണ്ട്.

ഇടതുപക്ഷ പാർടികൾ തൊഴിൽ കോഡുകളെ തുടക്കംമുതൽ എതിർത്തു. ഏപ്രിൽ അഞ്ചിന് ഡൽഹിയിൽ സിഐടിയു, അഖിലേന്ത്യ കിസാൻസഭ, കർഷക തൊഴിലാളി യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ മസ്ദൂർ കിസാൻ സംഘർഷ് റാലിയിൽ ഉയർത്തിയ മുദ്രാവാക്യങ്ങളിൽ പ്രധാനം തൊഴിൽ കോഡുകൾ പിൻവലിക്കണമെന്നതാണ്. സംയുക്ത കിസാൻ മോർച്ചയും തൊഴിൽ കോഡുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നു. രാജ്യാന്തര തൊഴിൽ സംഘടനയുടെ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിക്കുമെന്ന് ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അടുത്തവർഷം നടക്കേണ്ട ലോക്സഭാ പൊതുതെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടും തൊഴിൽ കോഡുകൾ മരവിപ്പിക്കാനുള്ള തീരുമാനത്തിലേക്ക് കേന്ദ്രം നീങ്ങുകയാണ്. കർഷകരുടെയും ആദിവാസികളുടെയും ലോങ് മാർച്ചുകൾക്ക് മുന്നിൽ മഹാരാഷ്ട്ര സർക്കാരിന് പലവട്ടം കീഴടങ്ങേണ്ടിവന്നതും ഐക്യപ്രക്ഷോഭത്തിനു മുന്നിൽ ശിങ്കിടി മുതലാളിത്തത്തിന് കീഴടങ്ങേണ്ടി വന്നതിന് ഉദാഹരണം.